പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1574 — 04-12-2018-ലെ മറുപടിയ്ക്ക്

## കുട്ടനാടൻ മേഖലയിൽ കൃഷി പുനരുജ്ജീവന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തോമസ് ചാണ്ടി** | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| പ്രളയാനന്തരം കുട്ടനാടൻ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആരംഭിച്ചു; വിശദാംശം വ്യക്തമാക്കാമോ ? | പ്രളയാനന്തരം കുട്ടനാടൻ കാർഷിക മേഖലയെ പുന:രുജ്ജീവിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജില്ലാ കളക്ടറുടെ ദുരിതാശ്വാസ ഫണ്ടുപയോഗിച്ച് വാങ്ങിയ പമ്പു സെറ്റുകൾ ഉപയോഗിച്ചും ഇറിഗേഷൻ വകുപ്പ്, വാട്ടർ അതോറിറ്റി എന്നിവരുടെ നേതൃത്വത്തിലും മടവീണ പാടശേഖരങ്ങളിലെയും താഴ്ന്ന പ്രദേശങ്ങളിലെയും വെള്ളം വറ്റിച്ചു.<br>വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്യുന്ന നടപടി പൂർത്തീകരിച്ചു വരുന്നു. 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ വിള വികസനപദ്ധതികൾ മണ്ണ് പരിപോഷണ പദ്ധതി, നടീൽ വസ്തു വിതരണം തുടങ്ങിയവയിലൂടെയുള്ള ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതോടൊപ്പം പ്രളയം മൂലം നാശം സംഭവിച്ച കാർഷിക മേഖലയെ പുന:രുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. കൃഷിനാശം സംഭവിച്ച പ്രദേശത്ത് വീണ്ടും കൃഷിയിറക്കുന്നതിനായി നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തു. കൂടാതെ പാടശേഖരങ്ങളുടെ പുറം ബണ്ട് ശക്തിപ്പെടുത്തുന്നതിനും മടകുത്തുന്നതിനും, ബണ്ട് റിപ്പയർ ചെയ്യുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേടുപാടുകൾ സംഭവിച്ച മോട്ടോറുകളുടെ റിപ്പയറിങ്ങിനും പഴയവ മാറ്റി പുതിയ മോട്ടോറുകൾ സ്ഥാപിക്കാനുമുള്ള നടപടികൾ പുരോഗമിക്കുന്നു.<br>പ്രളയാനന്തരം കുട്ടനാടൻ കാർഷിക മേഖലയെ പുന:രുജ്ജീവിപ്പിക്കുന്നതിനായി കുട്ടനാട് പാക്കേജ് വീണ്ടും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിനായി കാർഷികോൽപാദന കമ്മീഷണർ കൺവീനർ ആയി ഒരു കോർ കമ്മിറ്റി രൂപീകരിച്ചു.<br>ടി കമ്മിറ്റിയുടെ തീരുമാനപ്രകാരം കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി പ്രത്യേക പദ്ധതിയുടെ കരട് ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കുന്നതിനായി അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ